GOVERNMENT OF KERALA

Action Taken Memorandum on the findings of

# Justice G.Sivarajan
## Commission of Inquiry

Home (SSA) Department, Government Secretariat
Thiruvananthapuram

## 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ടിലെ സെക്ഷൻ 3(4) പ്രകാരം സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിലെ കണ്ടെത്തലുകളിലും ശിപാർശകളിൻമേൽ സ്വീകരിച്ച നടപടികളെക്കുറിച്ച് നിയമസഭയ്ക്ക് സമർപ്പിക്കുന്ന മെമ്മോറാണ്ടം ഓഫ് ആക്ഷൻ

---

സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് ജസ്റ്റിസ് (റിട്ട.) ജി.ശിവരാജൻ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ നിഗമനങ്ങൾ, മുൻകരുതലുകൾ, നിർദ്ദേശങ്ങൾ, ശിപാർശകൾ എന്നിവ സർക്കാർ പരിശോധിക്കുകയും ആയത് പൊതുവിൽ അംഗീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. കമ്മീഷന്റെ ശിപാർശകളും അതിൻമേൽ സർക്കാർ കൈക്കൊണ്ട തീരുമാനങ്ങളും ചുവടെ ചേർക്കുന്നു.

1. ശ്രീമതി സരിതയിൽ നിന്നും അവരുടെ ടീം സോളാർ കമ്പനിയിൽ നിന്നും രാഷ്ട്രീയ-ഉദ്യോഗസ്ഥ-ഭരണതലപ്പത്തുള്ളവരും അവരുടെ സ്റ്റാഫ് അംഗങ്ങളും അവരുമായി ബന്ധപ്പെട്ടുള്ളവരും വലിയ തുകകൾ കൈക്കൂലിയായി വാങ്ങിയതായും സോളാർ കമ്പനിയുടെ ഉപഭോക്താക്കളെ വഞ്ചിക്കുന്നതിനായി സഹായിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. ആയതിനെപ്പറ്റി ക്രിമിനൽ നടപടി സംഹിത, അഴിമതി നിരോധന നിയമം, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റു ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതാണ്.

2. സോളാർ തട്ടിപ്പ് അന്വേഷിക്കുന്നതിനായി 14.06.2013-ലെ സംസ്ഥാന പോലീസ് മേധാവിയുടെ ഡി1/57609/2013 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചതും 17.08.2013-ലെ സ.ഉ.(സാധ) നം. 2263/2013/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സാധൂകരണം നല്കിയതുമായ പ്രത്യേക അന്വേഷണ സംഘം രാഷ്ട്രീയ-ഉദ്യോഗസ്ഥ-ഭരണ നേതൃത്വത്തിലുള്ളവരെ സോളാർ ഇടപാടുമായി ബന്ധപ്പെട്ട ക്രിമിനൽ കുറ്റങ്ങളിൽ നിന്ന് രക്ഷപ്പെടുത്താൻ കുത്സിത ശ്രമങ്ങൾ നടത്തിയതായി റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. കൂടാതെ, സംസ്ഥാന മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥർ, കേന്ദ്ര മന്ത്രി, എം.എൽ.എമാർ, സോളാർ കേസുകൾ അന്വേഷിച്ച പോലീസ് ഉദ്യോഗസ്ഥർ

എന്നിവരുടെ കുറ്റകരമായ പങ്കിനെ സംബന്ധിച്ച് സി.ഡി.ആറും തെളിവുകളും ബന്ധപ്പെട്ട മറ്റ് രേഖകളും പ്രത്യേക അന്വേഷണ സംഘം പരിശോധിച്ചിട്ടില്ലെന്ന കാര്യവും കമ്മീഷൻ റിപ്പോർട്ടിൽ നിന്നും വെളിവായിട്ടുണ്ട്. അന്നത്തെ ഒരു സംസ്ഥാന മന്ത്രിയും, പ്രത്യേക അന്വേഷണ സംഘം അന്വേഷണം ഏറ്റെടുക്കുന്നതിനു മുൻപ് സോളാർ കുറ്റകൃത്യം അന്വേഷണം നടത്തിയ ഉദ്യോഗസ്ഥരും, ആ സമയത്ത് അന്വേഷണമേൽനോട്ടം നടത്തിയ ഉദ്യോഗസ്ഥരും അന്വേഷണം അട്ടിമറിക്കാനും തെളിവ് നശിപ്പിക്കാനും ശ്രമങ്ങൾ നടത്തിയതായി അന്വേഷണ റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. മുൻ എം.എൽ.എമാർ അടക്കമുള്ളവർ അന്നത്തെ ഭരണ നേതൃത്വത്തിലുള്ളവരെ രക്ഷപ്പെടുത്താൻ വേണ്ടി സോളാർ കേസുകൾ ഒത്തുതീർപ്പാക്കാൻ പ്രവർത്തിച്ചതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. ആയതിനെപ്പറ്റി ക്രിമിനൽ നടപടി സംഹിത, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റു ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതാണ്. കൂടാതെ മേൽ പ്രസ്താവിച്ചിട്ടുള്ള പ്രത്യേക അന്വേഷണ സംഘത്തെ പിരിച്ചുവിട്ടിട്ടുണ്ട്.

3. സോളാർ കുറ്റകൃത്യങ്ങളിലെ ആരോപണ വിധേയരായ വ്യക്തികളിൽ ഒരാളുടെ 19.07.2013 ലെ കത്തിൽ പരാമർശിച്ചിട്ടുള്ളവർ ആ വ്യക്തിയുമായും ആ വ്യക്തിയുടെ അഡ്വക്കേറ്റുമായും ഫോണിൽ ബന്ധപ്പെട്ടതായി റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. ആയത് സോളാർ കേസ് അന്വേഷണം അട്ടിമറിക്കുന്നതിനു വേണ്ടിയാണോ എന്ന് അന്വേഷിക്കുന്നതാണ്.

4. സോളാർ കുറ്റകൃത്യങ്ങളിലെ ആരോപണ വിധേയരായ വ്യക്തികളിൽ ഒരാൾക്കെതിരെ ലൈംഗിക കുറ്റകൃത്യങ്ങൾ നടന്നതായി കമ്മീഷൻ മുൻപാകെ ഹാജരാക്കപ്പെട്ട തെളിവുകളിൽ നിന്നും വെളിവാകുന്നു. ആ വ്യക്തിയുടെ 19.07.2013 ലെ കത്തിൽ പരാമർശിക്കപ്പെട്ട വിഷയങ്ങളിൽ ക്രിമിനൽ നടപടി ചട്ടം, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റു ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതാണ്.

5. കമ്മീഷൻ, ആ കാലഘട്ടത്തിൽ കേരള പോലീസ് അസോസിയേഷന്റെ സെക്രട്ടറിയായിരുന്ന പോലീസ് ഉദ്യോഗസ്ഥനെതിരെ അച്ചടക്കരാഹിത്യത്തിന്

ശക്തമായ നടപടി ശുപാർശ ചെയ്തിട്ടുണ്ട്. ഈ കേസിൽ അഴിമതി നിരോധന നിയമം ഉപയോഗിക്കാനാകുമോ എന്ന കാര്യം പരിഗണിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ടിയാനെതിരെ വകുപ്പ് തലത്തിൽ അന്വേഷണം നടത്തി ടിയാൻ അച്ചടക്ക രാഹിത്യം നടത്തിയോ എന്ന് പരിശോധിച്ച് വകുപ്പ് തല നടപടികൾ സ്വീകരിക്കാവുന്നതാണ്. അതോടൊപ്പം ടിയാനെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് ക്രിമിനൽ നടപടി സംഹിത, ഇന്ത്യൻ ശിക്ഷാ നിയമം, അഴിമതി നിരോധന നിയമം, മറ്റു ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം കൂടി നടത്തുന്നതാണ്.

6. പോലീസ് സേനയുടെ അച്ചടക്കം ഉയർത്തിപ്പിടിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഗവൺമെന്റിനു സമർപ്പിക്കുവാൻ അനുയോജ്യമായ കാര്യക്ഷമതയുള്ള ഒരു ഏജൻസിയുടെ അന്വേഷണം അനിവാര്യമാണ് എന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാനപ്പെട്ട കാര്യം ജയിൽ അധികാരികളും ബന്ധപ്പെട്ട പോലീസ് വകുപ്പും ശിക്ഷിക്കപ്പെട്ടവരോ വിചാരണ നേരിടുന്നവരോ ആയ തടവുകാരെ കോടതിയിൽ ഹാജരാക്കാൻ കൊണ്ടു പോകുന്നതിന് ശരിയായ നടപടികൾ സ്വീകരിച്ചുകൊണ്ടല്ല എന്നാണ്. സോളാർ തട്ടിപ്പ് കേസിലെ പ്രതിയായ ശ്രീ. ബിജു രാധാകൃഷ്ണൻ ഒരു കൊലക്കേസിൽ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട കുറ്റവാളിയാണ്. ഇദ്ദേഹം ജയിൽ ചാടുമെന്നുള്ള ഇന്റലിജൻസ് റിപ്പോർട്ട് ഉണ്ടായിട്ടും സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള വിവിധ കോടതികളിൽ വെറും രണ്ട് പോലീസ് കോൺസ്റ്റബിൾമാരുടെ അകമ്പടിയോടെ മാത്രമാണ് തീവണ്ടിയിലോ ബസിലോ ഇവ രണ്ടിലും കൂടിയോ സഞ്ചരിച്ചത്. ഇതുപോലുള്ള കേസുകളിലെ തടവുകാരെ സംബന്ധിച്ച് ശക്തമായ നിർദ്ദേശങ്ങൾ നല്കേണ്ടത് അനിവാര്യമാണ്. ജയിൽ അധികൃതരും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരും ആവശ്യമായ പോലീസ് അകമ്പടി നൽകേണ്ടതുണ്ട്. കമ്മീഷനും നിയമോപദേശകരും ചൂണ്ടിക്കാട്ടിയ രീതിയിൽ പോലീസ്, ജയിൽ വകുപ്പുകളിൽ നടത്തേണ്ട മാറ്റം സംബന്ധിച്ച് പഠിച്ച് സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കാനായി റിട്ട.ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി.എൻ.രാമചന്ദ്രൻ നായർ അധ്യക്ഷനായി മൂന്നംഗ കമ്മീഷനെ നിയമിക്കുന്നതാണ്.

7. സെക്രട്ടേറിയറ്റിന്റെ സുരക്ഷയ്ക്കു വേണ്ടി സി.സി.ടി.വി യുടെ ദൃശ്യങ്ങൾ ചുരുങ്ങിയപക്ഷം ഒരു വർഷം അല്ലെങ്കിൽ ഇവ സൂക്ഷിക്കുന്നതിനായി 500 ജി.ബി ഹാർഡ് ഡിസ്ക് സ്ഥാപിക്കുകയോ, 15 ദിവസം കൂടുമ്പോൾ അവ നിറഞ്ഞുകഴിഞ്ഞാൽ ഇതിലെ ദൃശ്യങ്ങൾ ശരിയായ രീതിയിൽ പകർത്തി സംരക്ഷിക്കുകയോ ചെയ്യേണ്ടതുണ്ട്. ഇക്കാര്യം പരിശോധിക്കാനായി ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

8. ഊർജ്ജ വകുപ്പിനു കീഴിലാണ് 'അനർട്ട്' പ്രവർത്തിക്കുന്നത്. ഇതിനെ എം.എൻ.ആർ.ഇയുടെ പാരമ്പര്യേതര ഊർജ്ജത്തിന്റെ പ്രചരണത്തിനുള്ള നോഡൽ ഏജൻസിയായി നിയമിച്ച് ശരിയായ രീതിയിൽ പുന:സംഘടിപ്പിച്ച് നടപടിയെടുത്താൽ കേന്ദ്ര സർക്കാർ വകയായി സൗരോർജ്ജത്തിന്റെ നിർമ്മാണത്തിനും വിതരണത്തിനും വികാസത്തിനും വേണ്ടി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കാനും മുന്നോട്ടുകൊണ്ടു പോകാനും കഴിയും. ഇക്കാര്യം പരിശോധിക്കാനായി ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

9. കൈക്കൂലി പണമായി സ്വീകരിച്ചത് കൂടാതെ അനർഹമായ ആനുകൂല്യങ്ങൾ നല്കുന്നതിലേക്കായി സോളാർ കേസിലെ ആരോപണവിധേയരിൽ ഒരാളിൽ നിന്നും ലൈംഗിക സംതൃപ്തി നേടിയതിനെക്കുറിച്ചും അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. കമ്മീഷൻ മുമ്പാകെ ഹാജരാക്കുകയും ലഭ്യമാക്കുകയും ചെയ്ത തെളിവുകളുടെ അടിസ്ഥാനത്തിൽ അഴിമതി നടത്തുകയും നിയമവിരുദ്ധമായ പാരിതോഷികങ്ങൾ സ്വീകരിക്കുകയും ചെയ്തതായി ആരോപിതരായ വ്യക്തികൾക്കെതിരെ അഴിമതി നിരോധന നിയമപ്രകാരമുള്ള കുറ്റങ്ങൾ ചുമത്താൻ സാധിക്കുമോയെന്ന് ഗൗരവമായി സംസ്ഥാന സർക്കാർ പരിഗണിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. അഴിമതി നടത്തിയതായി കമ്മീഷൻ ചൂണ്ടിക്കാട്ടിയ എല്ലാവരുടേയും പേരിൽ അഴിമതി നിരോധന നിയമപ്രകാരമടക്കമുള്ള കുറ്റങ്ങൾക്ക് അന്വേഷണം നടത്തുന്നതാണ്.

10. മുകളിൽ പ്രസ്താവിച്ചിട്ടുള്ള അന്വേഷണങ്ങൾ നടത്തുന്നതിനായി കേരള പോലീസ് ആക്ട് 21 (2) (ബി) വകുപ്പ് പ്രകാരം താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്.

1. ശ്രീ. രജേഷ് ദിവാൻ, ഡി.ജി.പി , നോർത്ത് സോൺ
   (അന്വേഷണ സംഘ തലവൻ)

2. ശ്രീ. ദിനേന്ദ്ര കശ്യപ്, ഐ.ജി.പി, പി.എച്ച്.ക്യൂ.

3. ശ്രീ. പി.ബി. രാജീവൻ, എസ്.പി, ക്രൈം ബ്രാഞ്ച്, കോഴിക്കോട്.

4. ശ്രീ. ഇ.എസ്. ബിജുമോൻ, ഡി.വൈ.എസ്.പി,
   വിജിലൻസ് എസ്.ഐ.യു -1, തിരുവനന്തപുരം.

5. ശ്രീ. എ.ഷാനവാസ്, ഡി.വൈ.എസ്.പി
   സി.ബി.സി.ഐ.ഡി, തിരുവനന്തപുരം.

6. ശ്രീ.ബി. രാധാകൃഷ്ണപിള്ള, ഡി.വൈ.എസ്.പി,
   എസ്.ബി.സി.ഐ.ഡി, കൊല്ലം ഡിറ്റാച്ച്മെന്റ്.

കൂടാതെ സോളാർ തട്ടിപ്പും അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനെ തുടർന്ന് പുതിയ പരാതികളോ പുതിയ രേഖകളോ തെളിവുകളോ ലഭിക്കുന്ന പക്ഷം അവ കൂടി പ്രത്യേക അന്വേഷണ സംഘം അന്വേഷിക്കുന്നതാണ്.

- മുകളിൽ പ്രസ്താവിച്ചിട്ടുള്ള തീരുമാനങ്ങൾ കൈക്കൊണ്ടുകൊണ്ട് 08.11.2017-ലെ സ.ഉ(കൈ) നമ്പർ 231/2017/ആഭ്യന്തരം നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)
- കമ്മീഷൻ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കേസന്വേഷണത്തിൽ ഉൾപ്പെട്ടിരുന്ന പോലീസ് ഉദ്യോഗസ്ഥരെ ഇതിനകം സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്.

സിംജി ജോസഫ്
അഡീഷണൽ സെക്രട്ടറി
ആഭ്യന്തര വകുപ്പ്
ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

**കേരള സർക്കാർ**

സംഗ്രഹം

ആഭ്യന്തര വകുപ്പ് - സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിലെ കണ്ടെത്തലുകളിലും ശുപാർശകളിലും തീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (രഹസ്യ വിഭാഗം- എ) വകുപ്പ്**

**സ.ഉ.(കൈ) നം.231/2017/ആഭ്യന്തരം തീയതി, തിരുവനന്തപുരം,08.11.2017.**

---

**പരാമർശം:-**
1. 03.06.1960 ലെ സ. ഉ. (പി) നം 344/60/ആഭ്യന്തരം നമ്പർ ഉത്തരവ്.
2. 21.12.1964 ലെ സ.ഉ.(കൈ)നം 525/64/ആഭ്യന്തരം നമ്പർ ഉത്തരവ്.
3. 12.05.1992 ലെ സ. ഉ. (പി) നം 65/92/വിജിലൻസ് നമ്പർ ഉത്തരവ്.
4. 26.03.1997 ലെ സ. ഉ. (പി) നം 15/97/വിജിലൻസ് നമ്പർ ഉത്തരവ്.
5. 05.04.1997 ലെ സ.ഉ. (പി) നം 18/97/വിജിലൻസ് നമ്പർ ഉത്തരവ് .
6. 03.01.2002 ലെ സ. ഉ.(സാ) നം 4/02/ വിജിലൻസ് നമ്പർ ഉത്തരവ് .
7. 14.06.2013 ലെ സംസ്ഥാന പോലീസ് മേധാവിയുടെ ഡി1/57609/2013 നമ്പർ ഉത്തരവ്.
8. 17.08.2013 ലെ സ. ഉ.(സാ) നം 2263/2013/ആഭ്യന്തരം നമ്പർ ഉത്തരവ് .
9. എസ്.ആർ.ഒ നമ്പർ 867/2013/ആഭ്യന്തരം ആയി പുറപ്പെടുവിച്ച 28.10.2013 ലെ 77989/എസ്.എസ്.എ 2/2013 നമ്പർ സർക്കാർ വിജ്ഞാപനം.
10. 29.03.2017 ലെ സ. ഉ. (പി) നം 9/2017/വിജിലൻസ് നമ്പർ ഉത്തരവ്.
11. 26.09.2017 ന് ജസ്റ്റിസ്. ജി. ശിവരാജൻ സമർപ്പിച്ച സോളാർ കമ്മീഷൻ റിപ്പോർട്ട്
12. അഡ്വക്കേറ്റ് ജനറലിന്റെ 10.10.2017 ലെ SS 28/2017 നമ്പർ കത്ത് .
13. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ 10.10.2017 -ലെ കത്ത്.
14. 21.10.2017 ലെ സ. ഉ.(സാ) നം 2762/2017/ആഭ്യന്തരം നമ്പർ ഉത്തരവ്.
15. 06.11.2017 ലെ ഡോ. ജസ്റ്റിസ് അരിജിത്ത് പസായത്തിന്റെ നിയമോപദേശം.

## <u>ഉത്തരവ്</u>

സോളാർ തട്ടിപ്പും അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളും അന്വേഷിക്കുന്നതിനായി പരാമർശം (9) പ്രകാരം ബഹുമാനപ്പെട്ട ജസ്റ്റിസ് (റിട്ട.) ശിവരാജനെ 28.10.2013-ന് അന്വേഷണ കമ്മീഷനായി നിയമിക്കുകയും കമ്മീഷൻ നാലു വർഷത്തെ തെളിവെടുപ്പിലൂടെ 214 സാക്ഷികളെ വിസ്തരിക്കുകയും 812 രേഖകൾ പരിശോധിക്കുകയും ചെയ്ത് ബന്ധപ്പെട്ട കക്ഷികളുടെ വാദമുഖങ്ങൾ പരിഗണിച്ച് നാലു വാല്യങ്ങളിലായി 1073 പേജുകളുള്ള റിപ്പോർട്ട് 26.09.2017-ന് സർക്കാരിന് സമർപ്പിച്ചു. സോളാർ പ്രതികൾക്ക് പൊതുജനങ്ങളെ വഞ്ചിക്കുന്നതിനു ഭരണസംവിധാനം ദുരുപയോഗപ്പെടുത്തി സഹായം നൽകിയതായും

ഭരണതലപ്പത്തുള്ളവർ തന്നെ വൻ തുകകൾ കൈപ്പറ്റിയതായും വലിയ തോതിൽ അഴിമതിയും ലൈംഗിക ചൂഷണവും നടത്തിയതായും റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ട് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിലെ കണ്ടെത്തലുകളും ശുപാർശകളും സർക്കാർ പൊതുവിൽ അംഗീകരിച്ച് ഉത്തരവാകുന്നു.

റിപ്പോർട്ടിലെ ശുപാർശകളിൻമേൽ അഡ്വക്കേറ്റ് ജനറലിന്റെയും ഡയറക്ടർ ജനറൽ പ്രോസിക്യൂഷന്റെയും മുൻ സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് അരിജിത്ത് പസായത്തിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുകൊണ്ടും ഉത്തരവാകുന്നു:

i. ശ്രീമതി സരിതയിൽ നിന്നും അവരുടെ ടീം സോളാർ കമ്പനിയിൽ നിന്നും രാഷ്ട്രീയ-ഉദ്യോഗസ്ഥ- ഭരണത്തലപ്പത്തുള്ളവരും അവരുടെ സ്റ്റാഫ് അംഗങ്ങളും അവരുമായി ബന്ധപ്പെട്ടുള്ളവരും വലിയ തുകകൾ കൈക്കൂലിയായി വാങ്ങിയതായും സോളാർ കമ്പനിയുടെ ഉപഭോക്താക്കളെ വഞ്ചിക്കുന്നതിനായി സഹായിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. ആയതിനെപ്പറ്റി ക്രിമിനൽ നടപടി സംഹിത, അഴിമതി നിരോധന നിയമം, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റു ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തേണ്ടതാണ്.

ii. പരാമർശം 7,8 ഉത്തരവുകളാൽ നിയമിക്കപ്പെട്ട പ്രത്യേക അന്വേഷണ സംഘം രാഷ്ട്രീയ-ഉദ്യോഗസ്ഥ- ഭരണ നേതൃത്വത്തിലുള്ളവരെ സോളാർ ഇടപാടുമായി ബന്ധപ്പെട്ട ക്രിമിനൽ കുറ്റങ്ങളിൽ നിന്ന് രക്ഷപ്പെടുത്താൻ കുത്സിത ശ്രമങ്ങൾ നടത്തിയതായി റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. കൂടാതെ, പ്രത്യേക അന്വേഷണ സംഘം, സംസ്ഥാന മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥർ, കേന്ദ്ര മന്ത്രി, എം.എൽ.എ മാർ, സോളാർ കേസുകൾ അന്വേഷിച്ച പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ കുറ്റകരമായ പങ്കിനെ സംബന്ധിച്ച് സി.ഡി.ആറും തെളിവുകളും ബന്ധപ്പെട്ട മറ്റ് രേഖകളും പരിശോധിച്ചിട്ടില്ലെന്ന കാര്യവും കമ്മീഷൻ റിപ്പോർട്ടിൽ നിന്നും വെളിവായിട്ടുണ്ട്. അന്നത്തെ ഒരു സംസ്ഥാന മന്ത്രിയും, പ്രത്യേക അന്വേഷണ സംഘം അന്വേഷണം ഏറ്റെടുക്കുന്നതിനു മുൻപ് സോളാർ കുറ്റകൃത്യം അന്വേഷണം നടത്തിയ ഉദ്യോഗസ്ഥരും ആ സമയത്ത് അന്വേഷണമേൽനോട്ടം നടത്തിയ ഉദ്യോഗസ്ഥരും അന്വേഷണം അട്ടിമറിക്കാനും തെളിവ് നശിപ്പിക്കാനും ശ്രമങ്ങൾ നടത്തിയതായി അന്വേഷണ റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. മുൻ എം.എൽ.എമാർ അടക്കമുള്ളവർ അന്നത്തെ ഭരണ നേതൃത്വത്തിലുള്ളവരെ രക്ഷപ്പെടുത്താൻ വേണ്ടി സോളാർ കേസുകൾ ഒത്തുതീർപ്പാക്കാൻ പ്രവർത്തിച്ചതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. ആയതിനെപ്പറ്റി ക്രിമിനൽ നടപടി സംഹിത, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റു ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തേണ്ടതാണ്.

iii. സോളാർ കുറ്റകൃത്യങ്ങളിലെ ആരോപണ വിധേയരായ വ്യക്തികളിൽ ഒരാളുടെ 19.07.2013 ലെ കത്തിൽ പരാമർശിച്ചിട്ടുള്ളവർ ആ വ്യക്തിയുമായും ആ വ്യക്തിയുടെ അഡ്വക്കേറ്റുമായും ഫോണിൽ ബന്ധപ്പെട്ടതായി റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. ആയത് സോളാർ കേസ് അന്വേഷണം അട്ടിമറിക്കുന്നതിനു വേണ്ടിയാണോ എന്ന് അന്വേഷിക്കേണ്ടതാണ്.

iv. സോളാർ കുറ്റകൃത്യങ്ങളിലെ ആരോപണ വിധേയരായ വ്യക്തികളിൽ ഒരാൾക്കെതിരെ ലൈംഗിക കുറ്റകൃത്യങ്ങൾ നടന്നതായി കമ്മീഷൻ മുൻപാകെ ഹാജരാക്കപ്പെട്ട തെളിവുകളിൽ നിന്നും വെളിവാകുന്നു. ആ വ്യക്തിയുടെ 19.07.2013 ലെ കത്തിൽ പരാമർശിക്കപ്പെട്ട വിഷയങ്ങളിൽ ക്രിമിനൽ നടപടി ചട്ടം, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റു ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തേണ്ടതാണ്.

v. കമ്മീഷൻ, ആ കാലഘട്ടത്തിൽ കേരള പോലീസ് അസോസിയേഷന്റെ സെക്രട്ടറിയായിരുന്ന പോലീസ് ഉദ്യോഗസ്ഥനെതിരെ അച്ചടക്കരാഹിത്യത്തിന് ശക്തമായ നടപടി ശുപാർശ ചെയ്തിട്ടുണ്ട്. ഈ കേസിൽ അഴിമതി നിരോധന നിയമം ഉപയോഗിക്കാനാകുമോ എന്ന കാര്യം പരിഗണിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ടിയാനെതിരെ വകുപ്പ് തലത്തിൽ അന്വേഷണം നടത്തി ടിയാൻ അച്ചടക്കരാഹിത്യം നടത്തിയോ എന്ന് പരിശോധിച്ച് വകുപ്പ് തല നടപടികൾ സ്വീകരിക്കേണ്ടതാണ്. ടിയാനെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് ക്രിമിനൽ നടപടി സംഹിത, ഇന്ത്യൻ ശിക്ഷാ നിയമം, അഴിമതി നിരോധന നിയമം, മറ്റു ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തേണ്ടതാണ്.

vi. പോലീസ് സേനയുടെ അച്ചടക്കം ഉയർത്തിപ്പിടിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഗവൺമെന്റിനു സമർപ്പിക്കുവാൻ അനുയോജ്യമായ കാര്യക്ഷമതയുള്ള ഒരു ഏജൻസിയുടെ അന്വേഷണം അനിവാര്യമാണ് എന്ന് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാനപ്പെട്ട കാര്യം ജയിൽ അധികാരികളും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരും ശിക്ഷിക്കപ്പെട്ടവരോ വിചാരണ നേരിടുന്നവരോ ആയ തടവുകാരെ കോടതിയിൽ ഹാജരാക്കാൻ കൊണ്ടു പോകുന്നത് ശരിയായ നടപടികൾ സ്വീകരിച്ചുകൊണ്ടല്ല എന്നാണ്. സോളാർ തട്ടിപ്പ് കേസിലെ പ്രതിയായ ശ്രീ. ബിജു രാധാകൃഷ്ണൻ ഒരു കൊലക്കേസിൽ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട കുറ്റവാളിയാണ്. ഇദ്ദേഹം ജയിൽ ചാടുമെന്നുള്ള ഇന്റലിജൻസ് റിപ്പോർട്ട് ഉണ്ടായിട്ടും സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള വിവിധ കോടതികളിൽ വെറും രണ്ടു പോലീസ് കോൺസ്റ്റബിൾമാരുടെ അകമ്പടിയോടെ മാത്രമാണ് തീവണ്ടിയിലോ ബസിലോ ഇവ രണ്ടിലും കൂടിയോ സഞ്ചരിച്ചത്. ഇതുപോലുള്ള കേസുകളിലെ തടവുകാരെ സംബന്ധിച്ചുള്ള ശക്തമായ നിർദ്ദേശങ്ങൾ

നല്കേണ്ടത് അനിവാര്യമാണ്. ജയിൽ അധികൃതരും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരും ആവശ്യമായ പോലീസ് അകമ്പടി നൽകേണ്ടതുണ്ട്. കമ്മീഷനും നിയമോപദേശകരും ചൂണ്ടിക്കാട്ടിയ രീതിയിൽ പോലീസ്, ജയിൽ വകുപ്പുകളിൽ നടത്തേണ്ട മാറ്റം സംബന്ധിച്ച് പഠിച്ച് സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കാനായി റിട്ട. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി.എൻ.രാമചന്ദ്രൻ നായർ അധ്യക്ഷനായി മൂന്നംഗ കമ്മീഷനെ നിയമിക്കുന്നതിനായി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

vii. സെക്രട്ടേറിയറ്റിന്റെ സുരക്ഷയ്ക്ക് വേണ്ടി സി.സി.ടി.വി യുടെ ദൃശ്യങ്ങൾ ചുരുങ്ങിയപക്ഷം ഒരു വർഷം സൂക്ഷിക്കുകയോ അല്ലെങ്കിൽ ഇവ സൂക്ഷിക്കുന്നതിനായി 500 ജി.ബി ഹാർഡ് ഡിസ്ക് സ്ഥാപിക്കുകയോ, 15 ദിവസം കൂടുമ്പോൾ അവ നിറഞ്ഞുകഴിഞ്ഞാൽ ഇതിലെ ദൃശ്യങ്ങൾ ശരിയായ രീതിയിൽ പകർത്തി സംരക്ഷിക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം പരിശോധിക്കാനായി ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

viii. ഊർജ്ജ വകുപ്പിന്റെ കീഴിലാണ് 'അനർട്ട്' പ്രവർത്തിക്കുന്നത്. ഇതിനെ എം.എൻ.ആർ.ഇയുടെ പാരമ്പര്യേതര ഊർജ്ജത്തിന്റെ പ്രചരണത്തിനുള്ള നോഡൽ ഏജൻസിയായി നിയമിച്ച് ശരിയായ രീതിയിൽ പുന:സംഘടിപ്പിച്ച് നടപടിയെടുത്താൽ കേന്ദ്ര സർക്കാർ വകയായി സൗരോർജ്ജത്തിന്റെ നിർമ്മാണത്തിനും വിതരണത്തിനും വികാസത്തിനും വേണ്ടി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കാനും മുന്നോട്ട് കൊണ്ടുപോകാനും കഴിയും. ഇക്കാര്യം പരിശോധിക്കാനായി ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

ix. കൈക്കൂലി പണമായി സ്വീകരിച്ചത് കൂടാതെ അനർഹമായ ആനുകൂല്യങ്ങൾ നല്കുന്നതിലേക്കായി സോളാർ കേസിലെ ആരോപണവിധേയരിൽ ഒരാളിൽ നിന്നും ലൈംഗിക സംതൃപ്തി നേടിയതിനെക്കുറിച്ചും അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. കമ്മീഷൻ മുമ്പാകെ ഹാജരാക്കുകയും ലഭ്യമാക്കുകയും ചെയ്ത തെളിവുകളുടെ അടിസ്ഥാനത്തിൽ അഴിമതി നടത്തുകയും നിയമവിരുദ്ധമായ പാരിതോഷികങ്ങൾ സ്വീകരിക്കുകയും ചെയ്തതായി ആരോപിതരായ വ്യക്തികൾക്കെതിരെ അഴിമതി നിരോധന നിയമപ്രകാരമുള്ള കുറ്റങ്ങൾ ചുമത്താൻ സാധിക്കുമോയെന്ന് ഗൗരവമായി സംസ്ഥാന സർക്കാർ പരിഗണിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. അഴിമതി നടത്തിയതായി കമ്മീഷൻ ചൂണ്ടിക്കാട്ടിയ എല്ലാവരുടേയും പേരിൽ അഴിമതി നിരോധന നിയമപ്രകാരമുള്ള കുറ്റങ്ങൾക്ക് അന്വേഷണം നടത്തേണ്ടതാണ്.

x. മേൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾക്ക് പുറമെ സോളാർ തട്ടിപ്പും അതുമായി ബന്ധപ്പെട്ട

സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനെ തുടർന്ന് പുതിയ പരാതികളോ പുതിയ രേഖകളോ തെളിവുകളോ ലഭിക്കുന്ന പക്ഷം അവ കൂടി അന്വേഷിക്കേണ്ടതാണ്. മേൽപറഞ്ഞ അന്വേഷണങ്ങളിൽ പുതിയ കുറ്റകൃത്യങ്ങൾ വെളിവാകുന്നുവെങ്കിൽ അവ കൂടി അന്വേഷിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള അന്വേഷണങ്ങൾ നടത്തുന്നതിനായി കേരള പോലീസ് ആക്ട് 21 (2) (ബി) വകുപ്പ് പ്രകാരം ഇതിനാൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ഉത്തരവാകുന്നു. അന്വേഷണ സംഘം താഴെപ്പറയുന്ന പ്രകാരമായിരിക്കും.

1. ശ്രീ. രജേഷ് ദിവാൻ, ഡി.ജി.പി , നോർത്ത് സോൺ
   (അന്വേഷണ സംഘ തലവൻ)
2. ശ്രീ. ദിനേന്ദ്ര കശ്യപ്, ഐ.ജി.പി, പി.എച്ച്.ക്യൂ.
3. ശ്രീ. പി.ബി. രാജീവൻ, എസ്.പി, ക്രൈം ബ്രാഞ്ച്, കോഴിക്കോട്.
4. ശ്രീ. ഇ.എസ്. ബിജുമോൻ, ഡി.വൈ.എസ്.പി,
   വിജിലൻസ് എസ്.ഐ.യു -1, തിരുവനന്തപുരം.
5. ശ്രീ. എ.ഷാനവാസ്, ഡി.വൈ.എസ്.പി
   സി.ബി.സി.ഐ.ഡി, തിരുവനന്തപുരം.
6. ശ്രീ.ബി. രാധാകൃഷ്ണപിള്ള, ഡി.വൈ.എസ്.പി,
   എസ്.ബി.സി.ഐ.ഡി, കൊല്ലം ഡിറ്റാച്ച്മെന്റ്.

മേൽപറഞ്ഞ അന്വേഷണങ്ങളെ സംബന്ധിച്ച് ക്രിമിനൽ നടപടി സംഹിത വകുപ്പ് 2 (ഒ) പ്രകാരമുള്ള സ്റ്റേഷൻ ഹൗസ് ഓഫീസർ പോലീസ് ഹെഡ്ക്വോർട്ടേഴ്സ് ഐ.ജി.പി ശ്രീ. ദിനേന്ദ്ര കശ്യപ്, ആയിരിക്കും. ആയതിനെ സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും.

അന്വേഷണ സംഘത്തിൽ പുതുതായി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തുന്നതിനോ നിലവിലുള്ളവരെ ഒഴിവാക്കുന്നതിനോ സംസ്ഥാന പോലീസ് മേധാവി മുഖാന്തിരം പ്രത്യേക അന്വേഷണ സംഘം സമർപ്പിക്കുന്ന നിർദ്ദേശങ്ങളിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും.

പരാമർശം 1 മുതൽ 6 വരെയും, പരാമർശം 10-ലെയും സർക്കാർ ഉത്തരവുകളിൽ അഴിമതി നിരോധന നിയമ പ്രകാരമുള്ള കുറ്റ കൃത്യങ്ങൾ അന്വേഷിക്കുന്നതിനെ സംബന്ധിച്ച് വ്യത്യസ്തമായി എന്ത് തന്നെ പരാമർശിച്ചിരുന്നാലും മേൽ പറഞ്ഞ വിഷയങ്ങളിൽ അഴിമതി നിരോധന നിയമ പ്രകാരമുള്ള അന്വേഷണങ്ങൾ നടത്തുന്നതിനും കുറ്റകൃത്യം വെളിവാകുന്ന പക്ഷം കോടതി മുൻപാകെ കുറ്റപത്രം സമർപ്പിക്കുന്നതിനും ഇതിനാൽ പ്രത്യേക അന്വേഷണ സംഘത്തെ അധികാരപ്പെടുത്തിയിരിക്കുന്നു. ആയതിനെ സംബന്ധിച്ച് വേണ്ടി വരുന്ന പക്ഷം പ്രത്യേക ഉത്തരവും വിജ്ഞാപനവും പുറപ്പെടുവിക്കുന്നതായിരിക്കും.

പരാമർശം 7,8 ഉത്തരവുകൾ പ്രകാരം നിയമിക്കപ്പെട്ട പ്രത്യേക അന്വേഷണ സംഘം ഇതിനാൽ പിരിച്ചുവിടപ്പെട്ടിരിക്കുന്നു. സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് ഇപ്പോൾ വിവിധ കോടതികളിലുള്ള കേസുകളിന്മേൽ നിയമാനുസൃതം തുടർ നടപടി സ്വീകരിക്കേണ്ടത് പുതുതായി രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
**ചീഫ് സെക്രട്ടറി**

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്.
സംസ്ഥാന പോലീസ് മേധാവി.
സംസ്ഥാന ഇന്റലിജൻസ് മേധാവി.
ശ്രീ. രാജേഷ് ദിവാൻ, ഡി.ജി.പി, നോർത്ത് സോൺ.
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ.
ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ക്രൈംസ്.
അഡ്വക്കേറ്റ് ജനറൽ (പേരു വച്ച കവറിൽ).
ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ.
ധനകാര്യ വകുപ്പ്.
നിയമ വകുപ്പ്.
വിജിലൻസ് വകുപ്പ്.
പൊതുഭരണ (സ്പെഷ്യൽ സി) വകുപ്പ്.
ആഭ്യന്തര (എ) വകുപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ